# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3660** 14.03.2017-ൽ മറുപടിക്ക്

**<u>കാൻസർ രോഗബാധിതരുടെ എണ്ണത്തിലെ വർദ്ധനവ്</u>**

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.രാജു എബ്രഹാം**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | വർഷം തോറും കാൻസർ രോഗബാധിതരുടെ എണ്ണത്തിൽ വൻ വർദ്ധനവ് ഉണ്ടാകുന്ന സാഹചര്യത്തിൽ, കൂടുതൽ ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലും ജനറൽ ആശുപത്രികളിലും കാൻസർ രോഗചികിത്സയ്ക്കും പാലിയേറ്റീവ് കെയറിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സേവനം നൽകുന്നതിനും സർക്കാർ തലത്തിൽ ചികിത്സാ കേന്ദ്രങ്ങളുടെ ദൗർലഭ്യത്തിന് പരിഹാരം എന്ന നിലയിൽ സംസ്ഥാന ആരോഗ്യവകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജില്ലാ കാൻസർ കെയർ പദ്ധതി. ഓരോ ജില്ലയിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള ഒരു ആശുപത്രിയിൽ അർബുദ ചികിത്സയ്ക്കും നിർണ്ണയത്തിനും ഒരു കെയർ സെന്റർ എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ഈ പദ്ധതി ഇന്ന് സംസ്ഥാനത്തെ 12 ജില്ലകളിൽ പ്രവർത്തനക്ഷമമാണ്. കൂടുതൽ ആശുപത്രികളിൽ ഈ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ സൗകര്യങ്ങളും പാലിയേറ്റീവ് കീമോതെറാപ്പി വാർഡുകളും ഉൾപ്പെടുത്തിക്കൊണ്ട് കാൻസർ ചികിത്സാരംഗം ശക്തിപ്പെടുത്തുന്നതിനായി സമഗ്ര കാൻസർ ചികിത്സാ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**